**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3488** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി വിഭാഗത്തിലുള്ള വിദ്യാർത്ഥികളും അദ്ധ്യാപകരും നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. എം.വിജിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാഴ്ച പരിമിതരായ അദ്ധ്യാപകരും വിദ്യാർത്ഥികളും നേരിടുന്ന വായനാ പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തെങ്കിലും സംവിധാനം വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ സ്കൂളുകളിലും പഠിക്കുന്ന കാഴ്ചപരിമിതിയുള്ള കുട്ടികൾക്ക് ബ്രെയിൽ ലിപിയിലുള്ള പാഠപുസ്തകങ്ങൾ സൗജന്യമായി നൽകിവരുന്നുണ്ട്. കൂടാതെ എല്ലാ അധ്യയനവർഷവും ആരംഭം മുതൽ മെഡിക്കൽ ക്യാമ്പ് നടത്തി അവരുടെ കാഴ്ചപരിമിതി മറികടക്കുന്നതിനാവശ്യമായ കണ്ണടകൾ, മാഗ്നിഫൈയർ തുടങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്യുന്നു. കൂടാതെ 'ശ്രുതിപാഠം' (ടോക്കിംഗ് ടെക്സ്റ്റ്) എന്ന പേരിൽ 100-ൽ പരം പുസ്തകങ്ങൾ ശബ്ദരൂപത്തിൽ എസ്.സി.ഇ.ആർ.ടി. യുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. കാഴ്ച പരിമിതരായ കുട്ടികൾക്ക് ലാർജ് പ്രിന്റ് ടെക്സ്റ്റ് ബുക്കുകളും നൽകി വരുന്നു. |
| (ബി) | ഭിന്നശേഷി കുട്ടികൾക്കും അധ്യാപകർക്കുമായി പ്രത്യേക ഓൺലൈൻ പ്ലാറ്റ്ഫോം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഭിന്നശേഷി കുട്ടികൾക്കും അധ്യാപകർക്കുമായി www.ssakerala.in/ie എന്ന വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ഭിന്നശേഷി വിദ്യാർത്ഥികൾക്കായി വീഡിയോ ക്ലാസുകൾ സംപ്രേഷണം ചെയ്ത് വരുന്നുണ്ടോ; വിശദവിവരം നൽകാമോ? | (സി) | ഭിന്നശേഷി വിദ്യാർത്ഥികൾക്കായി വിവിധ വീഡിയോ ക്ലാസുകൾ കൈറ്റ് വിക്ടേഴ്സിൽ സംപ്രേഷണം ചെയ്യുകയും കൈറ്റ് വെബ്സൈറ്റിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എസ്.എസ്.എൽ.സി., പ്ലസ് ടു വിദ്യാർത്ഥികൾക്കു വേണ്ടി പരീക്ഷാ സഹായിയായി സൈൻ അഡാപ്റ്റഡ് ക്ലാസുകൾ 'firstbell.kite.kerala.gov.in' എന്ന വെബ്സൈറ്റിൽ ലഭ്യമാക്കുകയും കൈറ്റ് വിക്ടേഴ്സ് ചാനലിൽ സംപ്രേഷണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ വിദ്യാർത്ഥികൾക്കായി ഓഡിയോ ക്ലാസ്സുകളും വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. കേൾവി പരിമിതിയുള്ളവർക്കായി 'അടയാളങ്ങൾ' എന്ന പേരിൽ പ്രത്യേക ക്ലാസ്സുകൾ 2024 ഫെബ്രുവരി |

| | | | |
|---|---|---|---|
| | | | 16 മുതൽ കൈറ്റ് വിക്ടേഴ്സിൽ സംപ്രേഷണം ചെയ്ത് തുടങ്ങും. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷി കുട്ടികൾക്കായുള്ള, വീഡിയോ പാഠങ്ങൾ "വൈറ്റ് ബോർഡ് വീഡിയോസ്" എന്ന പേരിൽ സമഗ്ര ശിക്ഷാ കേരളയുടെ www.ssakerala.in/ie എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ